തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക പ്രതിസന്ധി ഒഴിവാക്കാൻ നടപടി

10 [*141] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
" എം. പ്രകാശൻ മാസ്റ്റർ:
" മത്തായി ചാക്കോ:
" എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പുസാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റും ജനറൽ പർപ്പസ് ഗ്രാന്റും ഇനത്തിൽ എന്തു തുക കുടിശ്ശികയുണ്ട് ;

(സി) മെയിന്റനൻസ് ഗ്രാന്റും ജനറൽ പർപ്പസ് ഗ്രാന്റും നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനറൽ പർപ്പസ് ഗ്രാന്റ് ലഭിക്കാത്തതുമൂലം പ്രസ്തുത സ്ഥാപനങ്ങൾ തയ്യാറാക്കിയ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) ഇല്ല. 2-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2004-05 മുതൽ മെയിന്റനൻസ് ഗ്രാന്റ്, പൊതു ആവശ്യ ഗ്രാന്റ് എന്നിവ നൽകി തുടങ്ങിയതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നില്ല.

(ബി & സി) കുടിശ്ശികയില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിയിതര ഗ്രാന്റുകളുടെ 30-1-2006 വരെയുള്ള അർഹതപ്പെട്ട തുക ഗഡുക്കളായി നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

കൊപ്രയ്ക്ക് താങ്ങുവില പുനർ നിർണ്ണയം

11 [*142] ശ്രീ. സി. കെ. നാണു:
" എ. സി. ഷൺമുഖദാസ്:
" കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വിലയിടിവ് കാരണം കൊപ്രയ്ക്ക് താങ്ങുവില പുതുക്കി നിശ്ചയിച്ച് കൊപ്ര സംഭരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ ജില്ല തിരിച്ച് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) 2005 സീസണിൽ നാളികേരത്തിന്റെ വിലയിടിവിനെ തുടർന്ന് സംസ്ഥാനത്ത് നാഫെഡിന്റെ നേതൃത്വത്തിൽ കേരഫെഡ് മുഖാന്തിരം കൊപ്ര സംഭരണം നടത്തി വരുന്നു. 2005-ൽ കൊപ്രയ്ക്ക് കേന്ദ്രം നിശ്ചയിച്ച താങ്ങുവിലയായ മില്ലിംഗ് കൊപ്ര ക്വിന്റലിന് 3570 രൂപയും ബോൾ കൊപ്ര ക്വിന്റലിന് 3820 രൂപയും നിരക്കിൽ നടത്തി വന്നിരുന്നത് 8-2-2006 മുതൽ പുതുക്കിയ താങ്ങുവിലയായ 3590 രൂപ, 3840 രൂപ നിരക്കിലാണ് സംഭരണം നടത്തി വരുന്നത്.

(ബി) ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും, സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, നാഫെഡിന്റെയും കേര ഫെഡിന്റെയും പ്രതിനിധികൾ എന്നിവരടങ്ങുന്ന ജില്ലാതല കമ്മിറ്റിയാണ് കൊപ്ര സംഭ രിക്കാനുള്ള സംഘങ്ങളെ തെരഞ്ഞെടുക്കുന്നത്. സംഘങ്ങളെ കൂടാതെ സംസ്ഥാനത്ത് കേരഫെഡിന്റെ 10 സംഭരണ കേന്ദ്രങ്ങളും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

ബാലഭിക്ഷാടനം നിരോധിക്കുന്നതിന് നടപടി

12 [*T 143] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാലഭിക്ഷാടനം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ബാലഭിക്ഷാടനം നിരോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഭിക്ഷാടനത്തിൽ ഏർപ്പെടുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ജുവനൈൽ ജസ്റ്റീസ് ആക്ട് 2 ഡിയിൽ നിർവചിച്ചിട്ടുള്ള ചൈൽഡ് ഇൻ നീഡ് ഓഫ് കെയർ ആന്റ് പ്രൊട്ടക്ഷൻ വിഭാഗത്തിൽ ബാലഭിക്ഷാടനം നടത്തുന്നവരും ഉൾപ്പെടുന്നതാണ്. ജുവനൈൽ ജസ്റ്റീസ് ആക്ട് സെക്ഷൻ 32 പ്രകാരം പോലീസ് ഓഫീസർമാർ, പബ്ലിക് സർവന്റ്സ്, സോഷ്യൽ വർക്കർമാർ എന്നിവർക്ക് ഇത്തരം കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ഹാജരാക്കാവുന്നതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന കുട്ടികളെ പ്രസ്തുത ആക്ട് സെക്ഷൻ 34 പ്രകാരമുള്ള

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly